# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1880** — **08.12.2014 ലെ മറുപടിയ്ക്ക്**

## സംസ്ഥാന സർവ്വീസിലെ സ്പോർട്സ് ക്വാട്ട നിയമനം

ചോദ്യം — ഉത്തരം

ശ്രീ. ടി.വി.രാജേഷ് — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർവ്വീസിൽ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ; ഓരോ വർഷവും പ്രഗത്ഭരായ എത്ര കായിക താരങ്ങൾക്കാണ് നിയമനം നൽകുന്നത് ; | (എ) | 23.07.2014 ലെ സ. ഉ. (പി) നം. 206/14/പൊ.ഭ.വ പ്രകാരം സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.<br>• നിയമനം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും.<br>• ഒളിമ്പിക്സിൽ ഉൾപ്പെടുത്താത്തതും എന്നാൽ കേരളാ സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമായ എല്ലാ കായികഇനങ്ങൾക്കും കൂടി നാല് ഒഴിവുകൾ നീക്കിവയ്ക്കുന്നതായിരിക്കും.<br>• അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതായിരിക്കും.<br>• വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും രണ്ട് ഒഴിവുകൾ വീതം നീക്കി വയ്ക്കുന്നതായിരിക്കും. |

(മറുപുറം)

| | | | |
|---|---|---|---|
| | | | • നിയമനത്തിനായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഓരോ വകുപ്പിലെയും സ്പെഷ്യൽ റൂൾസ് പ്രകാരം ജനറൽ റിക്രൂട്ട്മെന്റിന് നിഷ്കർഷിച്ചിട്ടുള്ളതായിരിക്കും.<br>2009 കലണ്ടർവർഷം മുതൽ പ്രതിവർഷം 50 കായിക താരങ്ങൾക്കാണ് നിയമനം നൽകുന്നത്. |
| (ബി) | 2010 മുതലുള്ള നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കായിക താരങ്ങൾക്കാണ് നിയമനം ലഭിക്കുക ; വിശദാംശം നൽകുമോ; | (ബി) | 2010 മുതലുള്ള സ്പോർട്സ് ക്വാട്ടാ നിയമനത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രതിവർഷം 50 കായിക താരങ്ങൾക്കാണ് നിയമനം ലഭിക്കുക. |
| (സി) | കായികതാരങ്ങൾക്കുള്ള നിയമനം നീണ്ടു പോകുന്നതെന്തുകൊണ്ടാണ്? | (സി) | സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി കാലോചിതമായി പരിഷ്കരിച്ച് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടിവന്നതുകൊണ്ടാണ് നിയമന നടപടി നീണ്ടുപോയത്. |

സെക്ഷൻ ഓഫീസർ